(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ആയുർവേദ ചികിത്സാ രംഗത്ത് ഗവേഷണങ്ങൾ

*3 [246] *ശ്രീ. സി. പി. മുഹമ്മദ്:*

„ *കെ. സുധാകരൻ:*

„ *ജി. പ്രതാപവർമ്മ തമ്പാൻ:*

„ *ടി. എൻ. പ്രതാപൻ:*

„ *ലൂഡി ലൂയിസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ചികിത്സാ രംഗത്ത് എന്തെല്ലാം ഗവേഷണങ്ങൾ സംസ്ഥാനത്ത് നടക്കുന്നുണ്ട്;

(ബി) അതിനുവേണ്ടി പ്രവർത്തിക്കുന്ന എത്ര ഗവേഷണ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ഉണ്ട്;

(സി) ഇവയുടെ പ്രവർത്തനങ്ങളെ ഏകീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) അതിനുള്ള എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ മാനസികരോഗ ചികിത്സയ്ക്കായി ഒരു ഗവേഷണ കേന്ദ്രം, കോട്ടക്കലിൽ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം ആയുർവേദ കോളേജിന്റെ കീഴിൽ ഡ്രഗ്സ് സ്റ്റാൻഡാർഡൈസേഷൻ യൂണിറ്റിൽ മരുന്നുകളുടെ ഗുണനിലവാരം സംബന്ധിച്ച് ഗവേഷണം നടത്തിവരുന്നുണ്ട്. കൂടാതെ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടായി അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള തിരുവനന്തപുരം ആയുർവേദ കോളേജിൽ ബിരുദാനന്തര തലത്തിലും അല്ലാതെയും ആയുർവേദ വിഷയങ്ങളിൽ ഗവേഷണം നടത്തിവരുന്നു. ഇവയ്ക്കു പുറമേ പാലോട്ടുള്ള ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലും ഒരു ആയുർവേദ ഗവേഷണ വിഭാഗം പ്രവർത്തിച്ചുവരുന്നു. സെൻട്രൽ കൗൺസിൽ ഫോർ ആയുർവേദ ആന്റ് സിദ്ധയുടെ മൂന്ന് ഘടകങ്ങൾ തിരുവനന്തപുരം, ഷൊർണ്ണൂർ, കോട്ടക്കൽ എന്നിവിടങ്ങളിൽ ഗവേഷണങ്ങൾ നടത്തിവരുന്നു. കൂടാതെ ജി. എം. പി. അക്രഡിറ്റേഷനുള്ള സ്വകാര്യ ഔഷധ നിർമ്മാണ യൂണിറ്റുകളിലും ഗവേഷണം നടന്നുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രധാനമായും ആറ് സ്ഥാപനങ്ങൾ.

(സി) & (ഡി) ഇവയിൽ ചില സ്ഥാപനങ്ങൾ കേന്ദ്ര സർക്കാരിന്റെ കീഴിൽ വരുന്നതും മറ്റുള്ളവ സംസ്ഥാന സർക്കാരിന്റെ കീഴിൽ വരുന്നതുമാണ്. അതിനാൽ ഇവയുടെ പ്രവർത്തനങ്ങളെ ഏകീകരിക്കുവാൻ നിർവ്വാഹമില്ല.

"വൃക്ക തട്ടിപ്പ് മാഫിയക്കെതിരെ നടപടി"

*4 [247] *ശ്രീ. ടി. എം. ജേക്കബ്* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസികളെ ചൂഷണം ചെയ്ത് വൃക്ക തട്ടിപ്പ് നടത്തിയ മാഫിയക്കെതിരെ ഏതെങ്കിലും പോലീസ് ഐ. ജി. യെക്കൊണ്ട് അന്വേഷണം നടത്തിയിരുന്നുവോ;

(ബി) എങ്കിൽ ഏത് ഉദ്യോഗസ്ഥനാണ് അന്വേഷണം നടത്തിയത് എന്ന് അറിയിക്കുമോ;

(സി) അന്വേഷണത്തിൽ ലഭ്യമായ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഈ അന്വേഷണം നടത്താൻ ഉണ്ടായ കാരണം എന്താണ് എന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് ഏതെങ്കിലും പ്രസിദ്ധീകരണം കോഴിക്കോട് കേന്ദ്രമായി ഒരു ആശുപത്രിയിൽ വൃക്ക തട്ടിപ്പ് നടത്തുന്നതായ വാർത്ത നൽകിയിരുന്നുവോ; ഇത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) വൃക്ക തട്ടിപ്പുമായി ബന്ധപ്പെട്ട് ഹെൽത്ത് സെക്രട്ടറി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) ഐ. ജി. യുടേയും, ഹെൽത്ത് സെക്രട്ടറിയുടേയും അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*:

(എ)–(ഡി) പോലീസ് ഐ. ജി. അന്വേഷണം നടത്തിയിട്ടില്ല. ആദിവാസി യുവാവ് മോഹനൻ കൊടുത്ത ഒരു പരാതി തൊടുപുഴ ഡി. വൈ. എസ്. പി. സുകുമാരക്കുറുപ്പ് അന്വേഷണം നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ റിപ്പോർട്ട് മദ്ധ്യമേഖലാ ഡി. ഐ. ജി. സർക്കാരിലേക്ക് അയച്ചിട്ടുള്ളത് നിലവിലുള്ള ഒരു കേസ്സിൽ ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. ഇതേ പരാതി Transplantation of Human Organs Act-ലെ വ്യവസ്ഥയനുസരിച്ച് അന്വേഷണം നടത്തുവാൻ അധികാരപ്പെട്ട ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ അന്വേഷണം നടത്തുകയും അന്വേഷണത്തിൽ കുറ്റക്കാർക്കെതിരെ തുടർ നടപടി

LIBRARY ARCHIVES Kerala Legislative Assembly